# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 321 — 27.02.2017 ൽ മറുപടിക്ക്

## ആരോഗ്യമേഖലയിലെ ജനകീയ പദ്ധതികൾ

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യമേഖലയിൽ മുൻ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ ജനകീയ പദ്ധതികൾ പിന്നീട് വന്ന സർക്കാരിന്റെ കാലത്ത് ദുർബലമായത് പുനരുജ്ജീവിപ്പിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ; | (എ) | പൊതുമേഖലയിലെ ചികിത്സ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പലവിധ പ്രവർത്തനങ്ങൾക്ക് ആരോഗ്യവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. നവകേരള മിഷന്റെ ഭാഗമായി ആർദ്രം മിഷനിൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജ് അടക്കമുള്ള പ്രസ്തുത ഗവൺമെന്റ് ആശുപത്രികളിലെ ഒ.പി വിഭാഗങ്ങൾ രോഗീസൗഹൃദമാക്കാനുള്ള നടപടി, ജില്ലാ താലൂക്ക് തല ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കാനുള്ള പരിപാടി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പരിപാടി തുടങ്ങിയവ ഉൾപ്പെടുന്നു. |
| (ബി) | കെ.എസ്.ഡി.പി.യെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതിയുണ്ടോ? | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്-ന്റെ സഹോദര സ്ഥാപനമായ കെ.എസ്.ഡി.പി-യെ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പരമാവധി സഹായ സഹകരണങ്ങൾ കോർപ്പറേഷന്റെ ഭാഗത്തു നിന്നും ചെയ്തു വരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം മുതൽ കെ.എസ്.ഡി.പി.എല്ലിൽ നിന്നും മരുന്നു വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. |

| Year | No. of drugs | Value of PO issued to KSDPL |
|---|---|---|
| 2014-15 | 37 | 17,30,02,119.20 |
| 2015-16 | 29 | 19,44,39,549.15 |
| 2016-17 | 28 | 18,08,05,372.54 |

2017-18-ൽ 39 ഇനങ്ങളിലായി കെ.എസ്.ഡി.പി-യ്ക്ക് 29,91,47,476 രൂപയുടെ ലെറ്റർ ഓഫ് ഇന്റന്റ് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ